## അനുബന്ധം

**അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്കും സിനിമാ-ടി.വി.സീരിയൽ കലാകാരന്മാർക്കുള്ള അടിയന്തിര ചികിത്സാ സഹായം നൽകുന്ന സംസ്ഥാന പദ്ധതിയുടെ ചട്ടങ്ങൾ.**

1. ഈ ചട്ടങ്ങൾ അശരണരും രോഗബാധിതരുമായ കലാസാംസ്കാരിക പ്രവർത്തകർക്കും സിനിമാ-ടിവി-സീരിയൽ കലാകാരന്മാർക്കുള്ള അടിയന്തിര ചികിത്സാ സഹായം നൽകുന്ന സംസ്ഥാന പദ്ധതിയുടെ ചട്ടങ്ങൾ എന്ന പേരിലറിയപ്പെടുന്നു.

2. ഏറ്റവും കുറഞ്ഞ ചികിത്സാ ധനസഹായം 25000/- (ഇരുപത്തിഅയ്യായിരം) രൂപയും പരമാവധി 1,00,000/- (ഒരു ലക്ഷം) രൂപയും ആയിരിക്കും.

3. ഈ ചട്ടങ്ങൾ പ്രകാരം സാഹിത്യ കലാകാരന്മാർക്കും സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്ര കലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, ചിത്രകല, ശില്പകല, നാടൻ കലകൾ എന്നീ കലാരംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരന്മാർക്കും ചികിത്സാ ധനസഹായത്തിനായി അതാത് അക്കാദമികളിൽ അപേക്ഷിക്കാവുന്നതാണ്. സിനിമാ, ടി.വി.സീരിയൽ രംഗങ്ങളിലെ കലാകാരന്മാർ ചലച്ചിത്ര അക്കാദമി വഴി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് അപേക്ഷ നൽകേണ്ടതും ഡയറക്ടറുടെ ശുപാർശയോടുകൂടി സർക്കാരിലേക്കയക്കേണ്ടതുമാണ്.

4. കളരി അഭ്യാസങ്ങൾ നടത്തുന്നവർ, സർക്കസ് കലാകാരന്മാർ, തുടങ്ങിയവർ ഈ പദ്ധതി പ്രകാരം ചികിത്സാ സഹായത്തിന് അപേക്ഷിക്കാൻ യോഗ്യരല്ല.

5. അപേക്ഷകന്റെ വാർഷിക വരുമാനം 1,00,000/- (ഒരു ലക്ഷം) രൂപയിൽ കവിയാൻ പാടില്ല.

<u>കുറിപ്പ്</u>

(i) കേന്ദ്ര- സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കുന്ന സ്വാതന്ത്ര്യ സമര പെൻഷനും കലാകാര പെൻഷനും ഒഴികെ എല്ലാത്തരം പെൻഷനുകളും വരുമാനമായി കണക്കിലെടുക്കുന്നതാണ്.

(ii) പ്രായപൂർത്തിയായ മക്കളുടെ വരുമാനം, കുടുംബ പെൻഷൻ, സ്വാതന്ത്ര്യ സമര സേനാനികളുടെ പെൻഷൻ, കലാകാര പെൻഷൻ, സർവ്വീസ് പെൻഷൻകാരുടെ ടി.എ എന്നിവ വരുമാനത്തിൽ ഉൾപ്പെടുത്തുന്നതല്ല.

6. വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

7. ചികിത്സാ സഹായം, സർക്കാർ ആശുപത്രികളിൽ അഡ്മിറ്റായി ചികിത്സയിൽ കഴിയുന്ന അശരണരും രോഗബാധിതരുമായ കലാകാരന്മാർക്ക് മാത്രം നൽകുന്നതാണ്. ഇത്തരത്തിൽ ചികിത്സയിലാണെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട ആശുപത്രി അധികൃതരിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

8. മറ്റു കേസുകളിൽ രോഗത്തിന്റെ ഗുരുതരാവസ്ഥ കണക്കിലെടുത്ത് ചികിത്സ സംബന്ധിച്ച രേഖകളും (സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഉൾപ്പെടെ) മരുന്ന് വാങ്ങിയതിന്റെ ബില്ലും ബന്ധപ്പെട്ട സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതും അക്കാദമികൾ ഇവ പരിശോധിച്ച് ബില്ലുകളുടെ പകർപ്പുകൾ സഹിതം ധനസഹായത്തിനുള്ള അപേക്ഷകൾ സാംസ്കാരിക വകുപ്പ് ഡയറക്ടർ മുഖാന്തിരം സർക്കാരിലേക്ക് അയക്കേണ്ടതുമാണ്.

9. സാംസ്കാരിക വകുപ്പ് ഡയറക്ടർ മുഖേനയായിരിക്കും ധനസഹായം വിതരണം ചെയ്യുന്നത്. മറ്റ് പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നവർക്കും മറ്റ് രീതിയിൽ ചികിത്സാ ധനസഹായം ലഭിക്കുന്നവർക്കും ഈ പദ്ധതി പ്രകാരമുള്ള ചികിത്സാ ധനസഹായത്തിനുള്ള അർഹത ഉണ്ടായിരിക്കുന്നതല്ല.

10. അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന രേഖകൾ യാതൊരു കാരണവശാലും തിരിച്ച് ലഭിക്കുന്നതല്ല.

11. ധനസഹായം ലഭിക്കുന്നതിന് കുറഞ്ഞ പ്രായപരിധി 50 വയസ്സ് ആയിരിക്കും.

12. ഈ പദ്ധതി പ്രകാരം ഒരു പ്രാവശ്യം ധനസഹായം ലഭിച്ചവർക്ക് വീണ്ടും ധനസഹായം ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.